<u>15 -ാം കേരള നിയമസഭ</u>

<u>5 -ാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 338</u> <u>18-07-2022 - ൽ മറുപടിയ്ക്ക്</u>

<u>സ്വർണ്ണാഭരണ വില്പനയിന്മേലുള്ള ജി.എസ്.ടി. വരുമാനം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ വി കെ പ്രശാന്ത് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി. പ്രാബല്യത്തിലായതിന് ശേഷം സ്വർണ്ണാഭരണ വില്പനയിന്മേലുള്ള ജി.എസ്.ടി. വരുമാനത്തിൽ കാര്യമായ വർദ്ധനയുണ്ടാകുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ജി. എസ്.ടി പ്രാബല്യത്തിലായതിന് ശേഷം 2017-18 മുതൽ 2021-22 വരെ സ്വർണാഭരണം ഉൾപ്പടെ സ്വർണ്ണ വില്പനയിന്മേലുള്ള എസ്.ജി.എസ്.ടി വരുമാനവും വളർച്ചാ നിരക്കും (സൂചക കണക്കുകൾ) **അനുബന്ധമായി ചേർക്കുന്നു.** |
| (ബി) | സ്വർണ്ണാഭരണങ്ങളിന്മേൽ താരതമ്യേന കുറഞ്ഞ നികുതി നിരക്ക് മാത്രമേ ചുമത്തുന്നുള്ളൂവെങ്കിലും നികുതി വെട്ടിപ്പ് വ്യാപകമാണെന്ന പ്രശ്നം പരിഹരിക്കാൻ ഇ-വേ ബിൽ ഏർപ്പെടുത്തുന്നതിന് തീരുമാനമായിട്ടുണ്ടോ; | (ബി) | **സ്വർണത്തിന്റെ സംസ്ഥാനത്തിനകത്തുള്ള ചരക്കു നീക്കങ്ങൾക്കു ഇ-വേ ബിൽ ഏർപ്പെടുത്തുന്നതിന് സംസ്ഥാനങ്ങൾക്കു അധികാരം നൽകുന്നതിന് 2022 ജൂൺ 28, 29 തീയതികളിൽ നടന്ന നാല്പത്തിയേഴാമത് ജി എസ് ടി കൗൺസിൽ മീറ്റിങ്ങിൽ തീരുമാനമായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ജി എസ് ടി ചട്ട ഭേദഗതി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും പുറപ്പെടുവിക്കുന്ന മുറയ്ക്ക് നിയമം പ്രാബല്യത്തിൽ വരും.** |
| (സി) | ജി.എസ്.ടി. സംവിധാനം ദേശീയ നെറ്റ്‌വർക്കിന്റെ ഭാഗമായി പ്രവർത്തിക്കാൻ ആരംഭിച്ചത് സംസ്ഥാനത്തിന് എത്രമാത്രം പ്രയോജനം ചെയ്യുമെന്ന് വിശദമാക്കാമോ? | (സി) | സംസ്ഥാന ജി എസ് ടി വകുപ്പ് 01.03.2022 മുതൽ GSTN വികസിപ്പിച്ച ദേശീയ തലത്തിലുള്ള GST ബാക്ക് ഓഫീസ് സോഫ്റ്റ് വെയർ സംവിധാനത്തിലേക്ക് മാറി. ഇതുവഴി ജി എസ് ടി നിയമത്തിൽ വരുന്ന മാറ്റത്തിനനുസരിച്ച് തത്സമയം സോഫ്റ്റ് വെയർ അപ്ഡേറ്റ് ചെയ്യുന്നതിന് സാധിക്കും. കൂടാതെ വിവരങ്ങളുടെ കൃത്യത ഉറപ്പാക്കുന്നതിനും ഇത് സഹായിക്കും. ജി എസ് ടി യുമായി ബന്ധപ്പെട്ട മറ്റ് സംസ്ഥാനങ്ങളിലെ നല്ല മാതൃകകളും കൂടി ഇതുവഴി ലഭ്യമാകും. ഈ സംവിധാനം വഴി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും ഓഡിറ്റ് വിഭാഗത്തിന്റെ പ്രവർത്തനങ്ങളും പൂർണമായും ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുവാൻ സാധിച്ചു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| വർഷം | സ്വർണ്ണ വില്പനയിന്മേലുള്ള എസ്.ജി.എസ്.ടി വരുമാനം (തുക കോടിയിൽ) | വളർച്ചാ നിരക്കിന്റെ ശതമാനം |
|---|---|---|
| 2017-18 | 307.02 (ജൂലൈ മുതൽ) | |
| 2018-19 | 426.05 | |
| 2019-20 | 435.76 | 2.28 |
| 2020-21 | 486.65 | 11.68 |
| 2021-22 | 560.91 | 15.26 |

സെക്ഷൻ ഓഫീസർ